# സമസ്ത കേരള സുന്നി ബാലവേദി

(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)

**സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 9287274809, 0494 2400530, 2400749**

**website: www.sksbvstate.com, Email: sksbvstate@gmail.com**

---

*സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് മേഖലാ,ജില്ല,ജംഇയ്യത്തുൽ മുഅല്ലിമീൻ, സുന്നി ബാലവേദി ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്.*

ക്ഷേമവും ഐശ്വര്യവും നേരുന്നു. നാഥൻ അനുഗ്രഹിക്കട്ടെ. നമ്മുടെ കർമങ്ങൾ സ്വീകരിക്കട്ടെ–ആമീൻ

സംസ്ഥാന കമ്മിറ്റി **കൂട്ടുകൂടാം സുകൃതവീഥിയിൽ** എന്ന പ്രമേയവുമായി **തഹ്ദീസ് 2022** സംഘടന ശാക്തീകരണ ക്യാമ്പയിൻ **ജൂൺ 1 മുതൽ ആഗസ്റ്റ് 31** വരെ കാലയളവിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിനായി മേഖലാ ജില്ലാ കമ്മിറ്റികൾക്കുള്ള നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

**<u>മേഖല</u> (മേഖലകളുള്ള ജില്ലകൾക്ക് ബാധകം)**

* ജൂലൈ 15 മുതൽ ജില്ലാ കൗൺസിലിന് മുമ്പായി മേഖലാ കൗൺസിൽ നടത്തേണ്ടതും അതിനായി ജില്ലാ കമ്മിറ്റിയുമായി കൂടിയാലോചിച്ച് തീയ്യതി നിശ്ചയിക്കേണ്ടതുമാണ്.

* റെയ്ഞ്ചിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കൗൺസിലർമാർ, പുതുതായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭാരവാഹികളെ ഉൾപ്പെടുത്തിയാണ് കൗൺസിൽ സംഘടിപ്പിക്കേണ്ടത്.

* റെയ്ഞ്ചിന് നല്കിയ ഫോം അടിസ്ഥാനമാക്കിയാണ് കമ്മിറ്റി രൂപീകരിക്കേണ്ടത്.
* മേഖലാ കൗൺസിലുകളുടെ മുഴുവൻ ചുമതലയും ജില്ലാ കമ്മിറ്റിക്കായിരിക്കും.

**<u>ജില്ല</u>**

* ജൂലൈ 15 മുതൽ ആഗസ്റ്റ് 15 നുള്ളിലായി ജില്ലാ കൗൺസിൽ സംഘടിപ്പിക്കേണ്ടതാണ്. മേഖലകൾ ഉണ്ടെങ്കിൽ മേഖലാ കൗൺസിൽ പെട്ടെന്ന് പൂർത്തീകരിക്കേണ്ടതും ആഗസ്റ്റ് 15 നുള്ളിൽ ജില്ലാ കൗൺസിൽ സംഘടിപ്പിക്കേണ്ടതുമാണ്.

* റെയ്ഞ്ചിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലർ, പുതുതായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി രണ്ട് സെക്ഷനുകളായിട്ടാണ് കൗൺസിൽ സംഘടിപ്പിക്കേണ്ടത്.

സെക്ഷൻ 1 : പ്രതിനിധി ക്യാമ്പ്
സെക്ഷൻ 2 : വാർഷിക കൗൺസിൽ

* സംസ്ഥാന കമ്മിറ്റി അയക്കുന്ന റിട്ടേണിംഗ് ഓഫീസറുടെ നേതൃത്വത്തിലായിരിക്കണം കൗൺസിൽ നടപടികൾ പൂർത്തീകരിക്കേണ്ടത്.

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇ–മെയിൽ: **sksbvstate@gmail.com**

എന്ന്

ചേളാരി
27-05-2022

ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി